**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **02-08-2021 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് വ്യാപനം മൂലം ആഘോഷങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ എന്നിവ നടത്താൻ സാധിക്കാത്തത് മൂലം ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ മേഖല, ഫോട്ടോഗ്രാഫർമാർ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളിലെ തൊഴിലാളികൾ അടക്കമുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന അഞ്ചോളം തൊഴിലാളികൾ ഇതിനോടകം ആത്മഹത്യ ചെയ്തു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ പരിഗണിയ്ക്കുമോ; | (ബി) | ആത്മഹത്യ സംബന്ധിച്ച ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വായ്പ സംബന്ധിച്ച് ഇളവുകൾ നൽകാൻ ബാങ്കുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ; | (സി) | കൊവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ വിധ വായ്പാ തിരിച്ചടവുകൾക്കും 31/12/2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൊവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ. സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾ ക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ, റിസർവ്വ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |
| (ഡി) | അസംഘടിത മേഖലയിൽ ലോക്ഡൗൺ മൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കൊവിഡ്-19- ന്റെ ഒന്നാം ഘട്ടത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 അംഗങ്ങൾക്ക് 1000/- രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കൊവിഡ്-19-ന്റെ രണ്ടാം തരംഗത്താൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഏകദേശം 2,25,000 അംഗങ്ങൾക്ക് 1000/-രൂപ നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ് |

സെക്ഷൻ ഓഫീസർ